(ബി) ഇതു സംബന്ധിച്ച് സംസ്ഥാന സഹകരണ യൂണിയനുമായി ചർച്ച ചെയ്യേണ്ടതുള്ളതുകൊണ്ട് ഈ സ്ഥാപനം എന്നു നിലവിൽ വരുമെന്ന് കൃത്യമായി പറയുവാൻ ഇപ്പോൾ പ്രയാസമാണ്.

ഭൂപണയ ബാങ്കുകൾ

882 [1360] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര ഭൂപണയ ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഓരോ ബാങ്കും ഇതുവരെ നൽകിയ കടങ്ങളുടെ കണക്ക് വിശദീകരിക്കുമോ;

(സി) താലൂക്ക് അടിസ്ഥാനത്തിൽ ഭൂപണയ ബാങ്കുകൾ സ്ഥാപിക്കുവാൻ ഒറപ്പാലം താലൂക്കിൽ ഷെയർ പിരിച്ചിട്ട് വർഷങ്ങളായിട്ടും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഒറപ്പാലം താലൂക്കിൽ ബാങ്കു സ്ഥാപിക്കുവാൻ നടപടി എടുക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 31 ഭൂപണയ ബാങ്കുകൾ റജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 30 എണ്ണം പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രാഥമിക ഭൂപണയ ബാങ്കുകൾ നാളിതുവരെ 4200.08 ലക്ഷം രൂപ വായ്പ നൽകിയിട്ടുണ്ട്. ഓരോ ബാങ്കും 1977.78 സഹകരണ വർഷത്തിൽ നൽകിയ കടങ്ങളുടെ കണക്ക് താഴെ കൊടുക്കുന്നു.

	ഭൂപണയ ബാങ്ക്	രൂപ ലക്ഷത്തിൽ
1.	തിരുവനന്തപുരം	16.74
2.	കിളിമാനൂർ	66.31
3.	നെയ്യാറിൻകര	34.70
4.	കരുനാഗപ്പള്ളി	18.56
5.	കൊല്ലം	44.27
6.	ശാസ്താംകോട്ട	37.34
7.	പത്തനംതിട്ട	16.92
8.	ആലപ്പുഴ	18.91
9.	തിരുവല്ല	8.87
10.	കാർത്തികപ്പള്ളി	13.44
11.	ചേർത്തല	21.73
12.	കോട്ടയം	20.80
13.	മീനച്ചിൽ	18.43
14.	തൊടുപുഴ	29.42
15.	മലനാട്	63.91
16.	എറണാകുളം	35.22

LIBRARY ARCHIVES Kerala Legislative Assembly

	ഭൂപണയ ബാങ്ക്	രൂപ ലക്ഷത്തിൽ
17.	കണയന്നൂർ	18.69
18.	മുകുന്ദപുരം	31.82
19.	കൊച്ചി	23.07
20.	പാലക്കാട്	26.18
21.	തിരൂർ	22.54
22.	പെരിന്തൽമണ്ണ	47.80
23.	കോഴിക്കോട്	42.48
24.	കൊയിലാണ്ടി	14.45
25.	വടകര	16.61
26.	കണ്ണൂർ	40.27
27.	കാസർകോഡ്	28.57
28.	തലശ്ശേരി	35.98
29.	ഹോസ്ദുർഗ്	13.89
30.	വയനാട്	0.28

ഈ ബാങ്കുകളും ഓരോന്നും പ്രവർത്തനം ആരംഭിച്ചിട്ട് ഇന്നേവരെ വിതരണം ചെയ്ത വായ്പകളുടെ കണക്ക് ശേഖരിച്ചു വരികയാണ്.

(സി) ഒറ്റപ്പാലം താലൂക്കിൽ പുതിയ ഭൂപണയ ബാങ്ക് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല എന്നുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ഡി) ഒറ്റപ്പാലം താലൂക്ക് പ്രവർത്തന മേഖലയായി 1974-ൽ ഭൂപണയ ബാങ്ക് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ ബാങ്കുകളും പ്രവർത്തനക്ഷമമാക്കുന്നകാര്യം റിസർവ്വ് ബാങ്കുമായും കേന്ദ്ര ഭൂപണയ ബാങ്കുമായും ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ചോദ്യോത്തര സമയം കഴിഞ്ഞു.

II. ശ്രദ്ധ ക്ഷണിക്കൽ

അച്ചൻകോവിലാറിന്റെ വലതു ഭാഗത്തുള്ള ആയിരം ഹെക്റ്ററിൽപരം വരുന്ന നിലങ്ങൾക്ക് ജലസേചന സൗകര്യം ലഭിക്കാത്തതു മൂലമുള്ള ബുദ്ധിമുട്ട്

ശ്രീ. പി. ജെ. ജോസഫ്: സർ, അച്ചൻകോവിലാറിന്റെ വലതു കരയിലുള്ള അരുവാപ്പലം, കോന്നി, മലയാലപ്പുഴ, മൈലപ്ര, പത്തനംതിട്ട, ഓമല്ലൂർ, ചെന്നിയൂർക്കര എന്നീ പഞ്ചായത്തുകളിൽപെട്ട 9.30 a.m] ആയിരം ഹെക്റ്റർ നിലങ്ങളിൽ വെള്ളം കൊടുക്കാനുള്ള ബാദ്ധ്യത പമ്പാ ഇറിഗേഷൻ പ്രോജക്റ്റിനാണെങ്കിലും ഇതേവരെയായി യാതൊരു പണിയും അവിടെ ചെയ്തിട്ടില്ല. കോഴഞ്ചേരിയിൽ നിന്നും ഒരു കനാൽ ഇലന്തൂർ വരെ വന്നുനിൽക്കുകയാണ്. അവിടെ നിന്നും വെള്ളം ലിഫ്റ്റു ചെയ്തെങ്കിൽ മാത്രമേ ഈ നിലങ്ങൾക്കു വെള്ളം കൊടുക്കാൻ കഴിയൂ. കാരണം ഈ നിലങ്ങൾ ഉയർന്നു കിടക്കുകയാണ്. അങ്ങനെ ലിഫ്റ്റു ചെയ്താൽ തന്നെയും വളരെ കുറഞ്ഞ നിലയിൽ മാത്രമേ വെള്ളം കൊടുക്കുവാൻ കഴിയൂ. പിന്നീടുള്ള സാധ്യത ഉദിമൂട് അക്വഡക്ടിൽ നിന്നും മണ്ണാർക്കുളഞ്ഞി മലകയം ടണൽ ചെയ്തു വെള്ളം കൊടുക്കുകയെന്നുള്ളതാണ്. അതു തന്നെയും മൈലപ്ര മുതൽ താഴോട്ടുള്ള കുറേ നിലങ്ങൾക്കു മാത്രമേ ബാധകമാകുകയുള്ളൂ. സർ, ഈ പമ്പാ ഇറിഗേഷൻ പ്രോജക്റ്റിൽ നിന്നു

LIBRARY ARCHIVES Kerala Legislative Assembly